<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ആറാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2739 — 19/12/2012-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| പട്ടികവർഗ്ഗക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ആയതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; എത്രപേർക്ക് നാളിതുവരെ കാർഡ് വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ ? | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് 3.11.2012 ലെ സ.ഉ. (സാധാ) നമ്പർ 1414/12/പജപവവിവ പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച്, സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള വിവരങ്ങളെ ആസ്പദമാക്കി പട്ടികവർഗ്ഗക്കാർക്ക് വിവിധ സർക്കാർ ഓഫീസുകളേയും ആശുപത്രികളേയും സമീപിക്കുന്ന വേളയിൽ ആധികാരിക രേഖയായി ഉപയോഗിക്കാവുന്ന തരത്തിലാണ് കാർഡ് തയ്യാറാക്കിയിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ വച്ച് 6.11.2012 ന് ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും നടപ്പ് സാമ്പത്തികവർഷം തിരിച്ചറിയൽ കാർഡ് തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. |

R.

സെക്ഷൻ ഓഫീസർ